**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**2019 മെയ് 29, ബുധൻ**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾ - 521**

<u>സർക്കാർ ജീവനക്കാർക്ക് കൊതുകുവല വാങ്ങാൻ വായ്പ</u>

| | **ചോദ്യം** | **മറുപടി** |
|---|---|---|
| | **ശ്രീ.ഡി.കെ.മുരളി എം.എൽ.എ** | **ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | സർക്കാർ ജീവനക്കാർക്ക് കൊതുകുവല വാങ്ങാൻ ഇപ്പോഴും സർക്കാർ വായ്പ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | സർക്കാർ ജീവനക്കാർക്ക് കൊതുകുവല വാങ്ങാൻ എല്ലാ വർഷവും 7610-00-800-98 എന്ന ശീർഷകത്തിൽ നിന്ന് സർക്കാർ വായ്പ അനുവദിച്ച നൽകുന്നുണ്ട്. അപേക്ഷകൾ ലഭ്യമാക്കാൻ വകുപ്പ മേധാവികൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഓരോ വർഷവും പരിപത്രം പുറപ്പെടുവിക്കാറുണ്ട്. |
| (ബി) | പ്രസ്തുത വായ്പാ സംവിധാനം കാലഹരണപ്പെട്ടതാണെന്നുള്ള കാര്യം സർക്കാർ പരിശോധിക്കുമോ; | ടി വിഷയം സംബന്ധിച്ച് നിവേദനങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ എത്ര പേർക്ക് ഈ വായ്പ ലഭിച്ചിട്ടുണ്ടെന്നും എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ? | 2016 – 17 വർഷത്തിൽ 103 പേർക്ക് ആകെ 20,600/- രൂപ അനുവദിച്ച നൽകുകയും, 11 പേർ തുക കൈപ്പറ്റാതെ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാമ്പത്തികവർഷം ആകെ 18,400/- രൂപ ഈ ഇനത്തിൽ ചെലവായിട്ടുണ്ട്.<br><br>2017 – 18 വർഷത്തിൽ ചെലവൊന്നും വന്നിട്ടില്ല.<br><br>2018 – 19 വർഷത്തിൽ ചെലവൊന്നും വന്നിട്ടില്ല. |

**സെക്ഷൻ ഓഫീസർ**